ഖുത്വ്ബ നമ്പർ
45
09-11-2012

بسم الله الرحمن الرحيم ○ نحمده ونصلى علىٰ رسوله الكريم ○ وعلىٰ عبده المسيح الموعود

# ജുമുഅ ഖുത്വ്ബ

## ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്

### ഖലീഫത്തുൽ മസീഹ് അൽഖാമിസ് ایده الله تعالیٰ بنصره العزيز

വിവർത്തനം: ടി.എം.അബ്ദുൽ മുജീബ്



وَلِكُلٍّ وِّجْهَةٌ هُوَ مُوَلِّيْهَا فَاسْتَبِقُوا الْخَيْرٰتِ ؕ اَيْنَ مَا تَكُوْنُوْا يَاْتِ بِكُمُ اللّٰهُ جَمِيْعًا ؕ اِنَّ اللّٰهَ عَلٰى كُلِّ شَىْءٍ قَدِيْرٌ ﴿۱۴۹﴾

ഈ ആയത്തിന്റെ പരിഭാഷ ഇപ്രകാരമാകുന്നു. എല്ലാവർക്കും ഓരോ ഉദ്ദേശ്യലക്ഷ്യമുണ്ട്. അതിലേക്കവർ ശ്രദ്ധിക്കുന്നു. അത് കൊണ്ട് നിങ്ങൾ നന്മയിൽ പരസ്പരം മുന്നേറുക. നിങ്ങൾ എവിടെയായിരുന്നാലും അല്ലാഹു നിങ്ങളെ ഒരുമിച്ചുകൂട്ടി കൊണ്ടുവരുന്നതാണ്. നിശ്ചയമായും അല്ലാഹു അവനാഗ്രഹിക്കുന്നതിനെല്ലാം പൂർണ്ണ കഴിവുള്ളവനാകുന്നു.

ഈ ആയത്തിൽ അല്ലാഹു ഒരു കൽപന നൽകിയിരുന്നു. അത് ഓരോ ജമാഅത്തംഗങ്ങളുടേയും എല്ലാ വിജയത്തിനും അനിവാര്യമാണ്. അതായത് അല്ലാഹുവിന്റെ സംതൃപ്തി കരസ്ഥമാക്കുന്നതിനുള്ള മാധ്യമമായിത്തീരുന്ന വിജയങ്ങൾ. അതോടൊപ്പം മുസ്ലിംകളാണെന്ന് വാദിക്കുന്നവരെയും യഥാർത്ഥ മുസ്ലിമാക്കുന്നു. കൂടാതെ പൊതുവായ നിലയിൽ ജമാഅത്തിന്റെ പുരോഗതിക്കും അനിവാര്യമാണ്. ആ കൽപനയിതാണ്, യഥാർത്ഥ വിശ്വാസിയുടെ, ഒരു യഥാർത്ഥ മുസ്ലിമിന്റെ, യഥാർത്ഥ വിശ്വാസികളുടെ ജമാഅത്തിന്റെ ഉദ്ദേശ്യലക്ഷ്യം നന്മയിൽ മുന്നേറുക എന്നതായിരിക്കണം. അല്ലാഹു പറയുന്നു. ലോകത്ത് ശത കോടിക്കണക്കിന് മനുഷ്യർ വസിക്കുന്നു. അതിൽ എല്ലാവരുടെയും ജീവിതത്തിന് ഒരു ലക്ഷ്യമുണ്ട്. ഇല്ലാ മാശാഅല്ലാഹ് അത് കരസ്ഥമാക്കുന്നതിനായി അവർ പരിശ്രമിക്കുന്നു. ചിലർ ഒരു ഉദ്ദേശ്യത്തിനായി പരിശ്രമിക്കുന്നു. ചിലർ മറ്റൊരു ഉദ്ദേശ്യം കരസ്ഥമാക്കാനായി പരിശ്രമിക്കുന്നു. തിന്മ ചെയ്യുന്നവർക്ക് പോലും ഒരു ലക്ഷ്യമുണ്ടാകുന്നു. അത് കരസ്ഥമാക്കാനായി അവർ പരിശ്രമിക്കുന്നു. അതിന്റെ പരിണാമം മോശമാകട്ടെ അല്ലെങ്കിൽ നഷ്ടമുണ്ടാക്കുന്നതാകട്ടെ. ഉദാഹരണമായി, മോഷ്ടാവ് രാത്രി എവിടെയെല്ലാം എങ്ങിനെയെല്ലാം മോഷണം നടത്തണമെന്നതിനെ സംബന്ധിച്ച് മുഴുവൻ ദിവസവും തന്ത്രങ്ങൾ ആവിഷ്ക്കരിക്കുന്നു. അല്ലെങ്കിൽ കൊള്ളക്കാരൻ തന്റെ കൊള്ളയടിക്കുക എന്ന ലക്ഷ്യത്തെ പ്രാപിക്കാനായി തന്ത്രങ്ങൾ ആവിഷ്ക്കരിക്കുന്നു. ചിലർ നന്മയുടെയും മതത്തിന്റെയും പേരിൽ അക്രമത്തെ തന്നെ തങ്ങളുടെ ഉദ്ദേശ്യലക്ഷ്യമാക്കുന്നു. അതിനായി പദ്ധതികൾ തയ്യാറാക്കുന്നു. നിഷ്കളങ്ക കുട്ടികളെ അതിനായി പരിശീലിപ്പിക്കുന്നു. അതിനായി പൈസയും സമയവും ചിലവഴിക്കുന്നു. കുട്ടികളുടെ മസ്തിഷ്കത്തെ ഒരു നീണ്ട പരിശീലനം കൊണ്ട് തികച്ചും ബോധപൂർവ്വം ശൂന്യമാക്കുകയും പിന്നെ അവരെ ചാവേർ ആക്രമണങ്ങൾ നടത്തിക്കുന്നു. ഭീകരാക്രമണങ്ങൾ നടത്തിച്ച് കൊണ്ട് നിഷ്കളങ്ക ജീവനുകളെ ഇല്ലായ്മ ചെയ്യുന്നു. നിർഭാഗ്യവശാൽ ഇപ്പോൾ ഈ അതിക്രമങ്ങൾ ചെയ്യുന്ന ഭൂരിഭാഗം പേരും സ്വയം തങ്ങളെ മുസ്ലിം എന്ന് പറയുന്നവരാണ്. മതത്തിന്റെ പേരിൽ ഈ എല്ലാ കലാപങ്ങളും, കലഹങ്ങളും, അക്രമങ്ങളും, ദ്രോഹങ്ങളും, ചെയ്യുന്നവരും നിഷ്കളങ്ക ജീവനുകളുടെ രക്തം കൊണ്ട് കളിക്കുന്നവരും ആണവർ. അങ്ങിനെ ഇസ്ലാമിന്റെ സുന്ദര അദ്ധ്യാപനങ്ങൾക്ക് ദുഷ്പേരുണ്ടാക്കുന്നവരാണ്. മുസ്ലിംകളുടെ പേരിനെ അപകീർത്തിപ്പെടുത്തുന്നവരാണ്. ഈ മതവിശ്വാസികൾക്കായി അല്ലാഹു നൽകിയ ഉദ്ദേശ്യലക്ഷ്യം **ഫസ്തബിഖുൽ ഖൈറാത്ത്** എന്നതാണ്. അതായത് എല്ലാ നന്മകളിലും മുന്നേറുക എന്നതാണ് നിങ്ങളുടെ ലക്ഷ്യം. ഏതെങ്കിലും ഒരു നന്മ കരസ്ഥമാക്കുകയല്ല ലക്ഷ്യം. മറിച്ച് എല്ലാ നന്മകൾ ചെയ്യുകയും അതിൽ മുന്നേറുകയുമാണ് നിങ്ങൾ ലക്ഷ്യമാക്കേണ്ടത്. നിങ്ങളുടെ ഈ ലക്ഷ്യം അല്ലാഹുവിനാൽ നിർണ്ണയിക്കപ്പെട്ടതാണ്. എല്ലാ വിധത്തിലുള്ള നന്മകൾ ചെയ്യുകയും അത് കരസ്ഥമാക്കുകയും ചെയ്യുക നിങ്ങളുടെ ലക്ഷ്യമാകുമ്പോഴാണ് യഥാർത്ഥ വിശ്വാസികളെന്ന് പറയപ്പെടുക.

അല്ലാഹു പറയുന്നു. **വലികുല്ലിൻ വിജ്ഹത്തുൻ ഹുവ മുവല്ലീഹാ** എല്ലാവർക്കും ഓരോ ഉദ്ദേശ്യ ലക്ഷ്യമുണ്ടാകുന്നു. അതിലേക്കവർ ശ്രദ്ധിക്കുന്നു. അതിനെ തന്റെ ഉദ്ദേശ്യമാക്കുന്നു. **വിജ്ഹത്തുൻ** എന്നതിന്റെ അർത്ഥം, ഏതെങ്കിലും ദിശ, ഏതെങ്കിലും ഭാഗം, അതു പോലെ മാർഗ്ഗം, വഴി എന്നൊക്കെയാണ്. ഏതെങ്കിലും ലക്ഷ്യത്തെ പ്രാപിക്കുക എന്നതും അതിന്റെ അർത്ഥമാണ്. ചുരുക്കത്തിൽ അല്ലാഹു കൽപ്പിച്ചിട്ടുള്ള ദിശയിലേക്ക് ശ്രദ്ധിക്കുക എന്നതാണ് ഒരു വിശ്വാസിക്കുള്ള നിബന്ധന. അങ്ങോട്ട് ശ്രദ്ധിക്കുക മത്രമല്ല, മറിച്ച് എങ്ങോട്ടാണൊ ശ്രദ്ധിക്കുന്നത് അവിടെ വിവിധ മാർഗങ്ങളുണ്ട്. അതിൽ നിന്നും അല്ലാഹു കൽപ്പിച്ചിട്ടുള്ള മാർഗ്ഗം സ്വായത്തമാക്കുക. പിന്നീട് ആ മാർഗ്ഗത്തിലൂടെ വെറുതെ പോകുക മാത്രമല്ല മറിച്ച്, ആ മാർഗ്ഗത്തിലൂടെയുള്ള സഞ്ചാരം ഒരു ലക്ഷ്യത്തെ പ്രാപിക്കുന്നതിനായിട്ടാണ്. ആ ലക്ഷ്യം അല്ലാഹു നമുക്കായി നിർണ്ണയിച്ചുള്ള

താണ്. അതായത് **ഫസ്തബിഖുൽ ഖൈറാത്ത്** നന്മ ചെയ്യുക മാത്രമല്ല, മറിച്ച് അതിന്റെ നിലവാരവും ഉയർത്തേണ്ടതാണ്. ഈ നന്മകൾ ചെയ്യുന്നതിൽ പരസ്പരം മുന്നേറാൻ ശ്രമിക്കേണ്ടതുമാണ്. പരസ്പരം മുന്നേറുന്നതിനായി ശ്രമിക്കുക മാത്രമല്ല മറിച്ച്, ദുർബലരേയും പിന്നോക്കം നിൽക്കുന്നവരേയും കൂടെ കൂട്ടി നീങ്ങേണ്ടതാണ്. അതായത് ജമാഅത്തിന്റെ പുരോഗതിയും എപ്പോഴും ഒരു വിശ്വാസിയുടെ ലക്ഷ്യമായിരിക്കും. അതിനാൽ, സ്വയം അഭിവൃദ്ധിപ്പെടുമ്പോൾ ജമാഅത്തിലെ മറ്റുള്ളവരുടെ അഭിവൃദ്ധിക്ക് വേണ്ടിയും പരിശ്രമിക്കുന്നവനാണ് യഥാർത്ഥ വിശ്വാസി. അവരെല്ലാം നന്മയിലെ അഭിവൃദ്ധിയിൽ തന്നോടൊപ്പം ചേരുന്നു. ജമാഅത്തിന്റെ വളർച്ചയുടെ ചക്രം ശീഘ്രതയിൽ മുന്നോട്ട് നീക്കികൊണ്ടിരിക്കുന്നതിനായി അവരുടെ പുരോഗതിക്ക് വേണ്ടിയും അവസരങ്ങൾ ലഭ്യമാക്കാൻ ശ്രമിക്കുന്നു.

അഹ്മദിയ്യാ ജമാഅത്ത്, നബി (സ) തിരുമേനിയുടെ സത്യ പ്രേമിയോടൊപ്പം ബന്ധപ്പെട്ടു നിൽക്കുന്ന കാരണത്താൽ, നബി(സ) കൊണ്ട് വന്ന നന്മയെ പ്രചരിപ്പിക്കുന്നതിനായിട്ട് സ്ഥാപിതമായതാകുന്നു. ഈ നന്മയിൽ അല്ലാഹുവിനോടുള്ള ബാധ്യതയുമുണ്ട്, സൃഷ്ടികളോടുള്ള ബാധ്യതയുമുണ്ട്, ആരാധനകളുമുണ്ട്, സൃഷ്ടികൾക്കും മുഴുവൻ മനുഷ്യകുലത്തിനുമുള്ള സേവനങ്ങളുമുണ്ട്. കാരണം നബിതിരുമേനി (സ)യെ അല്ലാഹു മുഴുവൻ മനുഷ്യകുലത്തിനും കാരുണ്യമായിട്ടാണ് നിയോഗിച്ചത്. മനുഷ്യകുലത്തിന്റെ സേവനം നന്മകൾ പ്രചരിപ്പിക്കുന്നതിലൂടെയാണ് സാധ്യമാവുക. കാരുണ്യം വിതറുമ്പോഴാണ് സാധ്യമാവുക. ഞാൻ നേരത്തെ ഉദാഹരണം പറഞ്ഞിരുന്നു. ചിലർ തിന്മകൾ ചെയ്യുന്നു, അതിനായി കുട്ടികളെ പരിശീലിപ്പിക്കുന്നു. നിഷ്കളങ്ക കുട്ടികളുടെ ജീവൻ അപഹരിക്കുന്നതിലൂടെയൊ അല്ലെങ്കിൽ അവരെ കൊണ്ട് ചാവേറാക്രമണം നടത്തിക്കുന്നതിലൂടെയൊ അത് സാധ്യമല്ല. ബോംബുകൾ കൊണ്ടും, പീരങ്കികൾകൊണ്ടും, യുദ്ധങ്ങൾ കൊണ്ടും, കലഹങ്ങൾ കൊണ്ടും ഈ സേവനം സാധ്യമല്ല. ഇന്ന് ലോകത്ത്, ഒരു ജമാഅത്ത് എന്ന നിലയിൽ, റഹ്മത്തുൽലിൽ ആലമീന്റെ കാരുണ്യത്തിൽ നിന്നും ലോകത്തിന് അംശം നൽകുന്നതിനും, നന്മകൾ വിതക്കുന്നതിനും വേണ്ടി എപ്പോഴും പരിശ്രമിക്കുന്നതും അതിന്റെ ബാധ്യത നിറവേറ്റുന്നതിനായി കഠിനമായി പ്രയത്നിക്കുന്നതും അഹ്മദിയ്യാ ജമാഅത്ത് മാത്രമാണ്. ഈ പരിശ്രമം, ഇസ്‌ലാമിന്റെ സുന്ദര അദ്ധ്യാപനങ്ങളും ഇസ്‌ലാമിന്റെ സന്ദേശങ്ങളും ലോകത്തിന് നൽകി കൊണ്ടും, വിശുദ്ധ ഖുർആനെ പ്രചരിപ്പിച്ചും ലോകത്തിന്റെ വിവിധ രാജ്യങ്ങളുടെയും പ്രദേശങ്ങളുടേയും ഭാഷയിലേക്ക് വിശുദ്ധ ഖുർആനെ പരിഭാഷ ചെയ്ത് കൊണ്ട് പ്രചരിപ്പിച്ചുമാണ്. ഉന്നത ധാർമിക ഗുണങ്ങൾ ലോകത്തിന് പഠിപ്പിച്ച് കൊടുത്തുകൊണ്ടുമാണ്. സ്നേഹത്തിന്റെയും അനുരക്തിയുടെയും അദ്ധ്യാപനങ്ങൾ ലോകത്തിന് നൽകികൊണ്ടുമാണ്. മനുഷ്യത്വത്തിന്റെ സേവനം, ആശുപത്രികൾ മുഖേന വേദനിക്കുന്ന മനുഷ്യന് ചികിത്സ ലഭ്യമാക്കികൊണ്ടുമാണ്. വിദൂര ദിക്കുകളിൽ വിദ്യാഭ്യാസം ലഭിച്ചിട്ടില്ലാത്ത കുട്ടികൾക്ക്, മനുഷ്യർക്ക് വിദ്യാഭ്യാസത്താൽ വിഭൂഷിതരാക്കി കൊണ്ടും പിന്നീട് അവർക്ക് നന്മയുടെ യഥാർത്ഥ അറിവ് നൽകി കൊണ്ടുമാണ്. ഏറ്റവും പ്രധാനമായി, നബി തിരുമേനി(സ) യുടെ പതാകക്ക് കീഴിൽ കൊണ്ട് വന്ന് ഏക ദൈവത്തിന്റെ മുന്നിൽ കുനിയുന്നവരാക്കി മാറ്റി കൊണ്ടുമാണ്.

ചുരുക്കത്തിൽ അഹ്മദിയ്യാ ജമാഅത്തിന്റെ ദൗത്യം നിസാര ദൗത്യമല്ല. കാലഘട്ടത്തിന്റെ ഇമാമുമായി നാം ചെയ്ത പ്രതിജ്ഞ നിസാര പ്രതിജ്ഞയല്ല. അത് പൂർത്തിയാക്കുന്നതിനായി അല്ലാഹു നമുക്കായി നിർണ്ണയിച്ച് തന്നിട്ടുള്ള ഉദ്ദേശ്യത്തെ നാം നമ്മുടെ ലക്ഷ്യമാക്കേണ്ടതുണ്ട്. അതിന്റെ ചെറിയ വിശദീകരണം ഞാൻ നൽകികഴിഞ്ഞു. അതായത് അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിനായി അല്ലാഹുവിലേക്കെത്തിക്കുന്ന മാർഗ്ഗങ്ങളിലൂടെ സഞ്ചരിക്കുക. ശൈത്വാൻ പറഞ്ഞത് പോലെ ഈ മാർഗ്ഗങ്ങളിലും ശൈത്വാനെ അഭിമുഖീകരിക്കേണ്ടി വരാം. അവൻ നന്മ ചെയ്യുന്നതിൽ നിന്നും തടയാൻ ശ്രമിക്കും. നന്മയുടെ നിലവാരം ഉന്നതമാക്കുന്നതിനുള്ള പരിശ്രമത്തിൽ പ്രതിബന്ധങ്ങൾ സൃഷ്ടിക്കുന്നു. എന്നാൽ ഹൃദയത്തിൽ നിന്നും പുറപ്പെട്ട

اِهۡدِنَا الصِّرَاطَ الۡمُسۡتَقِیۡمَ ۙ﴿۶﴾ صِرَاطَ الَّذِیۡنَ اَنۡعَمۡتَ عَلَیۡہِمۡ ۬ۙ

എന്ന ദുആ ശൈത്വാന്റെ അക്രമങ്ങളെ ഭേദിച്ച് കൊണ്ട് പോകുന്നാണ്. ഒരു വിശ്വാസി നന്മയുടെ ഔന്നിത്യങ്ങളിലേക്കെത്തികൊണ്ടിരിക്കുന്നതാണ്. ഉത്തമ സമുദായത്തിലാണെന്നതിന്റെ ബഹുമതി കരസ്ഥമാക്കികൊണ്ടിരിക്കുന്നതാണ്. അതിനാൽ അത് കരസ്ഥമാക്കുന്നതിനായി നമ്മുടെ ഓരോ വലിയവരും ചെറിയവരും, പുരുഷനും സ്ത്രീയും, കുട്ടികളും വൃദ്ധരും പരിശ്രമിക്കേണ്ടതാണ്. സർവ്വ നന്മകളും സ്വായത്തമാക്കികൊണ്ട് അല്ലാഹു നമുക്കായി നിശ്ചയിച്ച ഉദ്ദേശ്യ ലക്ഷ്യത്തെ കരസ്ഥമാക്കേണ്ടതാണ്. അതിനായി പ്രയത്നിക്കേണ്ടതാണ്.

വിശുദ്ധ ഖുർആനിൽ അല്ലാഹു വിശ്വാസികളോട് കൽപ്പിച്ചിട്ടുള്ള നന്മകളിൽ ഒന്ന് ദൈവ മാർഗ്ഗത്തിൽ ചിലവഴിക്കുക എന്നതാണ്. സാമ്പത്തിക ത്യാഗവും ഞാൻ പരാമർശിച്ച ഉദ്ദേശ്യത്തിനായി അതായത് ഇസ്‌ലാമിന്റെ പ്രചാരണത്തിനും മനുഷ്യകുലത്തിന്റെ സേവനത്തിനും അനിവാര്യമാകുന്നു. കഴിഞ്ഞ 125 വർഷങ്ങളായി ഈ ലക്ഷ്യങ്ങളെ കരസ്ഥമാക്കുന്നതിനായി ജമാഅത്തംഗങ്ങൾ സാമ്പത്തിക ത്യാഗങ്ങൾ ചെയ്തുവരുന്നു എന്നതിന് അഹ്മദിയ്യാ ജമാഅത്തിന്റെ ചരിത്രം സാക്ഷിയാണ്. ഈ ത്യാഗങ്ങളും നന്മകളും അഹ്മദിയ്യാ ജമാഅത്തിന്റെ ഒരു വ്യതിരിക്തതയാകുന്നു. അത് കണ്ടുകൊണ്ട് അന്യർ ആശ്ചര്യപ്പെടുകയും പരിഭ്രമിക്കുകയും ചെയ്യുന്നു. കാരണം ഇതിനു പിന്നിൽ എന്ത് വികാരമാണുള്ളതെന്ന് അവർക്കറിയില്ല. നിശ്ചയമായും അവൻ അല്ലാഹുവിന്റെ കൽപനയാൽ തന്റെ ഉദ്ദേശ്യലക്ഷ്യം **ഫസ്തബിഖുൽ ഖൈറാത്ത്** ആക്കിയത് കൊണ്ടാണ് ഈ ആത്മാവ് ഒരഹ്മദിയിൽ ഉണ്ടാകുന്നത് .അതിനാൽ ഇന്ന് ഭൂമുഖത്ത് കേവലം അഹ്മദികൾ മാത്രമാണ്, നിങ്ങൾ മാത്രമാണ് **കുൻതും ഖൈറ ഉമ്മത്തുൻ ഉഖ്രിജത്ത് ലിന്നാസി** ന്റെ സാക്ഷ്യപത്രമായികൊണ്ട് **ഫസ്തബിഖുൽ ഖൈറാത്ത്** നെ നിലയാട്ടിയത്. അത് പ്രാവർത്തികമാക്കുന്നതിനായി പരിശ്രമിക്കുന്നത്. നന്മയെ കരസ്ഥമാക്കുന്നതിനും അതിൽ മുന്നോട്ട് ഗമിച്ചുകൊണ്ടിരിക്കാനും, ജമാഅത്തിന്റെ പുരോഗതിക്കും, ഇസ്‌ലാമിന്റെ സന്ദേശം ലോകത്തിന്റെ കോണുകളോളം പ്രചരിപ്പിക്കുന്നതിനായി ജീവനും, ധനവും, സമയവും, അന്തസ്സും സമർപ്പിച്ച് കൊണ്ടി

രിക്കുന്നത്. ഒരു ശത്രുവിനും ഒരു ശക്തിക്കും അഹ്മദിയ്യാ ജമാഅത്തിന്റെ പുരോഗതിയുടെ പാതയിൽ തടസ്സം സൃഷ്ടിക്കാൻ സാധ്യമല്ല. ഒരു ഭരണകൂടത്തിനും ഒരു കക്ഷിക്കും നമ്മിൽ **ഫസ്തബിഖുൽ ഖൈറാത്ത്** ന്റെ ആത്മാവ് നിലനിൽക്കുന്നിടത്തോളം നമ്മുടെ വളർച്ചയുടെ വേഗതയെ കുറക്കാൻ സാധ്യമല്ല. തിരുനബി(സ) യുടെ ഏതൊരു സത്യപ്രേമിയെ വിശ്വസിച്ച് കൊണ്ടാണോ നാം ഇസ്‌ലാമിന്റെ പുനർജീവനത്തിന്റെ ഭാഗമാകുന്നതിനായി പ്രതിജ്ഞയെടുത്തിട്ടുള്ളത്. ആ പ്രതിജ്ഞ ഇൻശാ അല്ലാഹ് ഒരിക്കലും നന്മയിൽ മുന്നേറികൊണ്ടിരിക്കുന്നതിനുള്ള നമ്മുടെ വികാരത്തെ കുറക്കുന്നതല്ല. നന്മയിൽ മുന്നേറുന്നതിനുള്ള വികാരത്തേയും ത്യാഗത്തേയും കണ്ട് കൊണ്ട് പലപ്പോഴും നാമും ആശ്ചര്യപ്പെടാറുണ്ട്. ഞാനും അത്ഭുതപ്പെടാറുണ്ട്. എത്തരത്തിലുള്ള ത്യാഗങ്ങൾ ചെയ്യുന്നവരാണ്? നന്മകൾ ചെയ്യുന്നവരാണ്? സ്ഥൈര്യത്തോടു  കൂടി ഇതിൽ നിലനിൽക്കുന്നവരാണ്? അല്ലാഹു എത്തരത്തിലുള്ള ആത്മാർത്ഥരെ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്, അങ്ങയുടെ ജമാഅത്തിന് നൽകിയതെന്നാൽ, അവർ ദൃഢതയോടു കൂടി ഈ ത്യാഗങ്ങൾ സമർപ്പിച്ച് കൊണ്ടിരിക്കുകയാണ്. അവർ **ഫസ്തബിഖുൽ ഖൈറാത്ത്** ന്റെ യാഥാർത്ഥ്യത്തെ മനസ്സിലാക്കി. **ഫസ്തബിഖുൽ ഖൈറാത്ത്** എന്നതിന്റെ അർത്ഥം സ്ഥിരമായി മുന്നോട്ട് ഗമിച്ച് കൊണ്ടിരിക്കുക എന്നതാണ് ഇസ്തിബാഖ് എന്നാൽ സ്ഥിരമായി മുന്നോട്ട്  വളർന്ന് കൊണ്ടിരിക്കുക. അതിനായി പരിശ്രമിച്ച് കൊണ്ടിരിക്കുക. ഈ ഇസ്തിബാഖ്  മുന്നോട്ടുള്ള ഗമനം നമുക്ക് ജമാഅത്തംഗങ്ങളിൽ വിവിധ രൂപങ്ങളിൽ കാണാവുന്നതാണ്. അതിൽ ഒരു നന്മ, ഞാൻ പറഞ്ഞത് പോലെ സാമ്പത്തിക ത്യാഗങ്ങളുമാണ്. എല്ലാ വർഷവും അല്ലാഹുവിന്റെ അനുഗ്രഹത്താൽ ജമാഅത്ത് ഈ ലക്ഷ്യത്തിനായി ത്യാഗങ്ങൾ സമർപ്പിക്കുന്നു. അതിൽ പുതുതായി പ്രവേശിക്കുന്ന അഹ്മദികളുമുണ്ട്, പഴയ അഹ്മദികളുമുണ്ട്. ദരിദ്രരുമുണ്ട്, മദ്ധ്യമ നിലയിലുള്ളവരുമുണ്ട്, താരതമ്യേന ധനികരുമുണ്ട്. ധനത്യാഗത്തിന്റെ പ്രാധാന്യം മനസ്സിലാക്കി കൊടുത്തവരെല്ലാം തന്നെ ഈ നന്മയിൽ മുന്നോട്ട് കുതിക്കുന്നതിനായി ശ്രമിക്കുന്നു. എന്തെങ്കിലും കുറവുണ്ടെങ്കിൽ തന്നെ അത് മനസ്സിലാക്കി കൊടുക്കുന്നവരുടെ കുറവാണ്. ജമാഅത്തംഗങ്ങളുടെ ആത്മാർത്ഥതയിലും കൂറിലും അല്ലാഹുവിന്റെ അനുഗ്രഹത്താൽ യാതൊരു ന്യൂനതയുമില്ല. ജമാഅത്തംഗങ്ങളുടെ ഭൂരിഭാഗവും ഞാൻ പറഞ്ഞത് പോലെ കുറഞ്ഞ വരുമാനമുള്ളവരാണ്. അതിനാൽ ത്യാഗം ചെയ്യുന്നവരിൽ ഭൂരിഭാഗവും അവരിൽ നിന്നാണ്. അവർ തങ്ങളുടെ പല അഭിലാഷങ്ങളെയും ത്യജിച്ച്കൊണ്ടാണ് സാമ്പത്തിക ത്യാഗത്തിൽ പങ്കാളികളാകുന്നത്. ചില സാമ്പത്തികമായി ഉയർന്ന നിലയിലുള്ളവരും വലിയ വലിയ ത്യാഗങ്ങൾ സമർപ്പിക്കുന്നു. എന്നാൽ കുറഞ്ഞ വരുമാനമുള്ളവർക്ക് മുന്നിൽ അവരുടെ ത്യാഗത്തിന്റെ നില, അതായത് ത്യാഗത്തിന്റെ നിലവാരവും അംഗസംഖ്യയും വളരെ കുറവാണ്. ഇപ്പോൾ പാശ്ചാത്യ രാഷ്ട്രങ്ങളിൽ വസിക്കുന്ന അഹ്മദികൾക്ക് അല്ലാഹു ധാരാളം നൽകി അനുഗ്രഹിച്ചിട്ടുണ്ട്. അല്ലെങ്കിൽ നല്ലൊരു വിഭാഗത്തിനെ അല്ലാഹു തന്റെ അനുഗ്രഹത്താൽ മുമ്പത്തേക്കാൾ നല്ല അവസ്ഥയിൽ ആക്കിയിട്ടുണ്ടെന്ന് പറയാൻ കഴിയും. അവർക്ക് ധാരാളം നൽകിയനുഗ്രഹിച്ചിട്ടുണ്ട്. അവർ സ്വന്തം ത്യാഗങ്ങളെ മാത്രമല്ല നോക്കേണ്ടത്. അല്ലെങ്കിൽ തങ്ങൾ സമർപ്പിക്കുന്ന സംഖ്യയിൽ മാത്രമല്ല തൃപ്തരാകേണ്ടത്, മറിച്ച് അവർ ഒരു വർഷത്തിൽ നൽകിയ ത്യാഗങ്ങളുടെ ചുവട്‌വെപ്പ് അടുത്ത വർഷത്തിൽ വളർന്നിട്ടുണ്ടോ എന്നാണ് നോക്കേണ്ടത്. അഥവാ വളർന്നിട്ടില്ലെങ്കിൽ, അവിടെ തന്നെയാണ് നിൽക്കുന്നതെങ്കിൽ ചിന്തിക്കേണ്ട ആവശ്യമുണ്ട്. ഞാൻ പറഞ്ഞത് പോലെ പൊതുവിൽ അഹ്മദികൾ പരസ്പരം മുന്നേറുന്നതിനുള്ള ആത്മാവിനെ മനസ്സിലാക്കുന്നുണ്ട്. അതിനായി പരിശ്രമിക്കുന്നുമുണ്ട്. ജമാഅത്തിൽ സ്ഥിരചന്ദകൾ കൂടാതെ പല ആഹ്വാനങ്ങളും ഉണ്ടായികൊണ്ടിരിക്കുന്നു. അതിനായും ജമാഅത്തംഗങ്ങൾ ധാരാളം ത്യാഗങ്ങൾ സമർപ്പിക്കുന്നു. ചില പദ്ധതികൾ ഏതെങ്കിലും പ്രാദേശിക ജമാഅത്തിന്റെ ആവശ്യത്തിനായിരിക്കും. ചില പദ്ധതികൾ ഏതെങ്കിലും രാഷ്ട്രത്തിന്റെ ദേശീയ project ന് വേണ്ടിയുള്ളതായിരിക്കും. പല രാഷ്ട്രങ്ങളിലും കേന്ദ്രമെന്ന നിലയിൽ പള്ളികളുടെയും മറ്റും project കൾ നടന്ന് കൊണ്ടിരിക്കുന്നു. കാരണം ഈ ആവശ്യങ്ങൾ, ഈ ചിലവുകൾ സ്ഥിരചന്ദകൾ കൊണ്ട് പൂർത്തിയാക്കാൻ സാധിക്കുന്നതല്ല. ഏതായാലും സ്ഥിരചന്ദകൾ കൂടാതെ, ജമാഅത്തംഗങ്ങൾ ധാരാളം ത്യാഗങ്ങൾ ചെയ്യുന്നുണ്ട്. അവരിൽ ഭൂരിഭാഗവും ത്യാഗങ്ങൾ സമർപ്പിക്കുന്നവരാണ്. ഇവിടെ ഒരു കാര്യം വിശദമാക്കാനും ആഗ്രഹിക്കുകയാണ്. തഹ്‌രീക് ജദീദിന്റെയും വഖ്ഫെ ജദീദിന്റെയും ചന്ദകൾ മുഴുവനായും കേന്ദ്രത്തിന്റെ ചന്ദകളാണ്. ഇത് പ്രാദേശിക തലത്തിലോ ദേശീയതലത്തിലോ ചിലവഴിക്കുന്നില്ല. അല്ലെങ്കിൽ ചില ദരിദ്ര രാഷ്ട്രങ്ങളിൽ അവിടെ തന്നെ ഉപയോഗിക്കുകയാണെങ്കിൽ അവരുടെ ഇഷ്ടപ്രകാരമല്ല. മറിച്ച് കേന്ദ്രത്തിനോട് ചോദിച്ചിട്ടാണ് ചിലവാക്കുന്നത്. ചിലപ്പോൾ ചില ധനിക രാഷ്ട്രങ്ങളിലെ ആളുകളുടെ മനസ്സിൽ, ഇത് കേന്ദ്രത്തിന്റെ ചന്ദയാണെങ്കിൽ എന്തുകൊണ്ട് ഞങ്ങളിൽ ചിലവാക്കുന്നില്ല? ഞങ്ങളിതിൽ എന്തിന് കൂടുതൽ കൂടുതലായി പങ്കാളികളാകണം? എന്ന ചിന്തയുണ്ടാകാം. നമ്മുടെ സ്വന്തം projectകളുണ്ട്.  ഞാൻ നേരത്തെ പറഞ്ഞത് പോലെ പ്രാദേശിക projectകളും ദേശീയ project കളും ഉണ്ടായി കൊണ്ടിരിക്കുന്നു. ആദ്യം നാം നമ്മുടെ ചിലവുകൾ പൂർത്തിയാക്കാം.

ഒന്നാമത്തെ കാര്യം, അല്ലാഹുവിന്റെ തൃപ്തിക്കായി നൽകുമ്പോൾ ഇത്തരത്തിലുള്ള ചോദ്യം തന്നെ തെറ്റാണ്. രണ്ടാമതായി, കേന്ദ്രത്തിനും ധാരാളം ചിലവുകളുണ്ട്, ധാരാളം പദ്ധതികളുണ്ട്. ദരിദ്രരാഷ്ട്രങ്ങളിൽ അതിൽ ആഫ്രിക്കൻ രാഷ്ട്രങ്ങളും ഉൾപ്പെടുന്നു. ഏഷ്യൻ രാഷ്ട്രങ്ങളും ഉൾപ്പെടുന്നു. ഇന്ത്യയും ബംഗ്ലാദേശും ഉൾപ്പെടുന്നു. കൂടാതെ അംഗസംഖ്യ കുറഞ്ഞ പാശ്ചാത്യ രാഷ്ട്രങ്ങളും ഉൾപ്പെടുന്നു. അവർക്കായി കേന്ദ്രത്തിൽ നിന്നും ചിലവഴിക്കുന്നു. അതുപോലെ നമ്മുടെ സമർത്ഥരായ വിദ്യാർത്ഥികളുടെ ചിലവുകളും കേന്ദ്രമാണ് വഹിക്കുന്നത്. ജമാഅത്തുകളിൽ നിന്ന് കേന്ദ്രത്തിൽ എത്തുന്ന സംഖ്യയിൽ നിന്നാണ് അത് ചിലവഴിക്കുന്നത്.

**ഫസ്തബിഖുൽ ഖൈറാത്ത്** ന്റെ ആത്മാവ് എന്ന് പറയുന്നത് തന്റെ ദരിദ്ര സഹോദരന്മാരെയും, ചെറിയ ജമാഅത്തുകളെയും ദുർബല ജമാഅത്തുകളെയും കൂടെ കൂട്ടി മുന്നേറുക എന്നതാണ്. നാം നമ്മിലെ ബലഹീനരേയും നമ്മോടൊപ്പം

കൂട്ടുന്നതിനായി ശ്രമിച്ച് കൊണ്ടിരുന്നു എന്നത് അല്ലാഹുവിന്റെ സവിധത്തിൽ മാന്യത ലഭിക്കുന്നതിന് കാരണമാകുന്നതാണ്. ഞാൻ പാരായണം ചെയ്ത ഇതേ വചനത്തിൽ അല്ലാഹു പറയുന്നു. اَیۡنَ مَا تَکُوۡنُوۡا یَاۡتِ بِکُمُ اللّٰہُ جَمِیۡعًا നിങ്ങൾ എവിടെയായിരുന്നാലും അല്ലാഹു നിങ്ങളെ ഒരുമിച്ച് കൂട്ടുന്നതാണ്. അതായത് ഒരുമിച്ച് ചെന്ന് ഹാജരാകുമ്പോൾ നന്മയിൽ പരസ്പരം മുന്നേറുന്നതിനുള്ള ആത്മാവ് നിലനിർത്തിയവർ വിജയിക്കുന്നതാണ്. അലസത കാണിച്ചവർക്കും, മറ്റുള്ളവരെ സഹായിക്കുന്നവരിൽ നിന്നും അറച്ചുനിന്നവർക്കും, മറ്റുള്ളവർക്കായി ഞങ്ങൾ എന്തിന് ചിലവഴിക്കണം എന്ന് ചോദിച്ചവർക്കും മറുപടി പറയേണ്ടതായി വരും. അതിനാൽ ഈ ചോദ്യം ദുർബലമായിട്ടാണ് ഉയരുന്നതെങ്കിലും ഒരഹ്മദിക്ക് നൽകിയിട്ടുള്ള അല്ലാഹു നമ്മിൽ നിന്നാഗ്രഹിക്കുന്ന അദ്ധ്യാപനങ്ങൾക്കെതിരാണ്. കേന്ദ്രത്തിന്റെ ചിലവുകളെ കുറിച്ച് ഞാൻ പരാമർശിക്കുകയുണ്ടായി. അതിന്റെ സംക്ഷിപ്ത രൂപരേഖയും ഞാൻ നിങ്ങളുടെ മുന്നിൽ സമർപ്പിക്കുന്നതാണ്. ലോകത്തിലെ ഓരോ ജമാഅത്തും അവരവരുടെ മാധ്യമങ്ങളിലൂടെ മാത്രമല്ല വളരുന്നത്, മറിച്ച് ധാരാളം ചിലവുകൾ കേന്ദ്രത്തിൽ നിന്ന് grand ആയി ലോകത്തിന് നൽകപ്പെടുന്നു എന്ന് നിങ്ങൾക്കറിവുണ്ടാകുന്നതിന് വേണ്ടി. അത് കേന്ദ്രത്തിന്റെ വിഹിതമായി എത്തുന്ന ഈ സംഖ്യയിൽ നിന്നാണ് നൽകുന്നത്. ഉദാഹരണമായി ആഫ്രിക്കയും മറ്റ് സ്വയം പര്യാപ്തമല്ലാത്ത രാഷ്ട്രങ്ങളുടെയും എണ്ണം 68 ആണ്. അതിൽ ആഫ്രിക്കയിലെ 27 രാഷ്ട്രങ്ങൾ, യൂറോപ്പിലെ 18 രാഷ്ട്രങ്ങൾ, ഏഷ്യയിലെയും പൂർവ്വ വിദൂരങ്ങളിലെയും 15 രാഷ്ട്രങ്ങൾ, തെക്കൻ അമേരിക്കയിലെ 6 രാഷ്ട്രങ്ങൾ, വടക്കേ അമേരിക്കയിലെ 2 രാഷ്ട്രങ്ങൾ ഉൾപ്പെടുന്നു. നടപ്പു വർഷം ഒരു വലിയ സംഖ്യ പള്ളികളുടെയും മിഷൻ ഹൗസിന്റെയും നിർമാണങ്ങൾക്കായി മാത്രം ഈ രാഷ്ട്രങ്ങളിൽ ചെലവഴിക്കപ്പെടുകയുണ്ടായി. കൂടാതെ ക്ലിനിക്കുകൾ, സ്കൂളുകൾ, റേഡിയോ, ടിവി പരിപാടകൾ എന്നിവയ്ക്കായി ഏകദേശം 3 മില്ല്യൺ പൗണ്ട് ചിലവാകുകയുണ്ടായി. ഇത് കൂടാതെ സാധാരണയിൽ നിന്ന് മാറി ചില സ്ഥലങ്ങളിൽ വലിയ നിർമാണ പദ്ധതികൾ നടക്കുന്നുണ്ട്. ഉദാഹരണമായി നമ്മുടെ grand പോകുന്ന 35 ആഫ്രിക്കൻ രാഷ്ട്രങ്ങളിൽ 178 കേന്ദ്ര മുബല്ലിഗുമാരുണ്ട്, 1078 പ്രാദേശിക മുഅല്ലിമിംകളുണ്ട്. ഇതിന്റെ വലിയൊരു ചിലവ് കേന്ദ്രമാണ് വഹിക്കുന്നത്. അതു കൂടാതെ 41 രാഷ്ട്രങ്ങളിൽ കേന്ദ്രത്തിൽ നിന്നും grand പോകുന്നുണ്ട്. അതിൽ നമ്മുടെ മുബല്ലിഗീംകളുടെ എണ്ണം 243 ആകുന്നു. പ്രാദേശിക മുഅല്ലിമീംകൾ 928 ആകുന്നു. പിന്നീട് നിർമാണത്തിലുള്ള പള്ളികൾ. അയർലന്റിൽ പള്ളി നിർമ്മിച്ച് കൊണ്ടിരിക്കുന്നു. അതിൽ അയർലന്റിലെ ജമാഅത്ത് നല്ലൊരു സംഖ്യ വഹിക്കുന്നുവെങ്കിലും ഒരു പങ്ക് കേന്ദ്രത്തിനും നൽകേണ്ടതായി വന്നു. സ്പെയ്നിൽ വെലൻ ശായിൽ പള്ളി നിർമാണം നടക്കുന്നു. അവിടെ ഏകദേശം 80% കേന്ദ്രമാണ് ചിലവഴിക്കുന്നത്. ഉഗാണ്ട, കംപാലയിലെ പള്ളി വിപുലീകരിക്കുകയാണ്. അത് ഏകദേശം മുഴുവനായും കേന്ദ്രമാണ് വഹിക്കുന്നത്. ഐവറികോസ്റ്റിൽ പള്ളി നിർമ്മിക്കുന്നു. കൂടാതെ ആഫ്രിക്കയിലെ വിവിധ രാജ്യങ്ങളിൽ 99 പള്ളികളും 46 മിഷൻ ഹൗസും നിർമ്മിച്ചു. ഇതിൽ ഏകദേശം 65 പള്ളികളുടെ ചിലവ് കേന്ദ്രമാണ് വഹിച്ചത്. അതു പോലെ മിഷൻ ഹൗസുകൾക്കായി ചെലവഴിച്ചു. കൂടാതെ മറ്റ് രാഷ്ട്രങ്ങളുമുണ്ട്. അതിൽ 26 പള്ളികൾ നിർമ്മിച്ചു. 70 മിഷൻ ഹൗസുകൾ സ്ഥാപിച്ചു. അതിൽ ഏകദേശം ബംഗ്ലാദേശിൽ 2, ഇന്ത്യയിൽ 40, ഫിലിപ്പിയിൽ 1, നേപ്പാൾ 3, ബുർട്ടൈമാല, മർഷേൽ ഐലന്റ് തുടങ്ങിയവയിൽ കേന്ദ്രമാണ് ചിലവഹിച്ചത്. പിന്നീട് സമർത്ഥരായ വിദ്യാർത്ഥികൾക്ക് വേണ്ടി, ഏകദേശം 4500 വിദ്യാർത്ഥികൾക്ക് വേണ്ടി ലക്ഷകണക്കിന് പൗണ്ട് ജമാഅത്ത് grand ആയും ചിലർക്ക് കടമായും നൽകി അതിൽ 350 വിദ്യാർത്ഥികൾ Msc, Phd തുടങ്ങിയ ഉന്നത വിദ്യാഭ്യസം കരസ്ഥമാക്കുന്നവരാണ്. അവരുടെ ചിലവ് ജമാഅത്താണ് വഹിക്കുന്നത്. കൂടാതെ ആഫ്രിക്കയിൽ വെള്ളം, കറന്റ്, റേഡിയോ സ്റ്റേഷൻ തുടങ്ങിയ പദ്ധതികളുടെ പ്രവർത്തനം നടക്കുന്നത് കേന്ദ്ര grand ൽ നിന്നാണ്.ഈ പ്രവർത്തനങ്ങൾ ജമാഅത്തിന്റെ പുരോഗതിക്ക് വേണ്ടിയാണ്. ലോകത്തിന് ഇസ്ലാമിന്റെ അദ്ധ്യാപനങ്ങളെ പരിചയപ്പെടുത്തുന്നതിന് വേണ്ടിയാണ്. മനുഷ്യസേവനത്തിന് വേണ്ടിയുള്ള പ്രവർത്തനങ്ങളാണ്. ഈ പ്രവർത്തനങ്ങളിലെല്ലാം തന്നെ നേരിട്ട് പങ്കെടുക്കാൻ സാധിക്കുന്നില്ലെങ്കിലും ചന്ദയുടെ രൂപത്തിൽ ഇതിൽ പങ്കാളികളാക്കികൊണ്ട് അല്ലാഹുവിന്റെ പക്കൽ പ്രതിഫലാർഹരായിത്തീരുന്നു. ഏതായാലും ഈ ആഫ്രിക്കൻരാഷ്ട്രങ്ങളെ സംബന്ധിച്ച് അവർ സ്വയം ഒന്നും ചെയ്യുന്നില്ല, പൂർണ്ണമായും കേന്ദ്രത്തെ ആശ്രയിക്കുന്നു എന്ന് കരുതരുത്. ഞാൻ പറഞ്ഞത് പോലെ ധാരാളം പദ്ധതികൾ അവർ സ്വയം നടപ്പിലാക്കിയിട്ടുണ്ട്. അതിനാൽ ഇവരുടെ ചില സംഭവങ്ങൾ നിങ്ങളുടെ മുന്നിൽ സമർപ്പിക്കുകയാണ്. ഘാനയിലെ അപർവ്വ റീജനിലെ ഒരു സ്ത്രീ ഫാത്വിമ ദാവൂദ് സാഹിബ അവർ സ്വയം സ്ഥലം വാങ്ങി പള്ളി നിർമ്മിക്കാൻ തുടങ്ങി. അതിൽ 300 പേർക്ക് സുഖമായി നമസ്കരിക്കാൻ സാധിക്കും. അതു പോലെ അക്ര പട്ടണത്തിന് സമീപം ലുംനാറ ഗ്രാമത്തിൽ ധാരാളം ബയ്അത്തുണ്ടായിരുന്നു. അവിടെ ജമാഅത്തംഗങ്ങൾ സ്വന്തമായി പള്ളി നിർമ്മിച്ചു. വിവിധ പ്രദേശങ്ങളിൽ ജമാഅത്ത് പടർന്ന് കിടക്കുകയായിരുന്നു. 6 പള്ളികൾ നിർമ്മിക്കാൻ തുടങ്ങി 4 എണ്ണം പൂർത്തിയായി. 2 എണ്ണത്തിന്റെ നിർമ്മാണം നടന്നു കൊണ്ടിരിക്കുകയാണ്. അതിൽ ഒരു പള്ളി ഒരു സ്ത്രീ സാദിഖ സാഹിബ ഒറ്റക്കാണ് നിർമ്മിച്ചത്. അതിൽ 150 പേർക്ക് നമസകരിക്കാവുന്നതാണ്. അതിന് മുമ്പ് അവർ അക്ര പട്ടണത്തിലും പള്ളി ഉണ്ടാക്കിയിട്ടുണ്ട്. ഘാനയിലെ മുബല്ലിഗായ അഹ്മദ് ജിബ്റായീൽ സഈദ് സാഹിബ് എഴുതുന്നു, ഇക്കുർസി സെൻട്രൽ റീജനിൽ വലിയ പള്ളി നിർമ്മിച്ച് കൊണ്ടിരിക്കുന്നു. അതിന്റെ 50% ചിലവ് ഹൈക്കോടതിയിലെ ജഡ്ജിയായ കാക്കുജാൻ സാഹിബാണ് വഹിക്കുന്നത്. ജിബ്റായീൽ സഈദ് സാഹിബ് ഇപ്പോൾ രോഗിയാണ്. അദ്ദേഹത്തിന്റെ രോഗമെന്താണെന്ന് ഡോക്ടർമാർക്കും നിർണ്ണയിക്കാൻ സാധിച്ചിട്ടില്ല. അദ്ദേഹത്തിന് വേണ്ടി ദു:ആ ചെയ്യുക. അല്ലാഹു അദ്ദേഹത്തിന് എത്രയും പെട്ടെന്ന് പൂർണ്ണ സുഖം നൽകുമാറാകട്ടെ. ഫ്രാൻസിലെ അമീർ സാഹിബ് മറാകശ് സന്ദർശിക്കാനായി പോയിരുന്നു. പറയുന്നു, അവിടെയുള്ള നവ അഹ്മദികളെ ത്യാഗസന്നദ്ധരായും ആത്മാർത്ഥത നിറഞ്ഞവരായും കണ്ടു. ഖിലാഫത്തിനോട് അവർക്ക് അമിതമായ സ്നേഹമാണുള്ളത്. സാമ്പത്തികത്യാഗത്തെ സംബന്ധിച്ച് അവരോട് പറ

യുകയുണ്ടായി. മസീഹ് മൗഊദ്(അ) ന്റെ ഉദ്ധരണികൾ വായിച്ച് കേൾപ്പിച്ചു. പറയുന്നു, കുറച്ച് ദിവസങ്ങൾക്ക് ശേഷം സദർ സാഹിബിന്റെ അടുത്ത് ഒരു സുഹൃത്ത് വന്നുകൊണ്ട് ഒരു വലിയ സംഖ്യ അദ്ദേഹത്തിന് നൽകി. എന്നിട്ട് പറഞ്ഞു. ഞാൻ അഹ്മദിയായത് മുതലുള്ള ചന്ദയാണിത്. കാരണം ഞാൻ ചന്ദയെ സംബന്ധിച്ചുള്ള ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ഉദ്ധരിണികളെയും, കാലത്തിന്റെ ഖലീഫയുടെ ഉപദേശങ്ങളേയും കേട്ടിരുന്നില്ല. ഇപ്പോൾ ഞാൻ കേട്ടു. അതിനാൽ പിന്നോട്ട് പോകാൻ കഴിയില്ല. നൈജീരിയയിൽ നിന്ന് ബസ്കർ അലി ഭട്ടി സാഹിബ് എഴുതുന്നു. കഴിഞ്ഞ വർഷം അതായത് 2011 ഒക്ടോബറിൽ തബ്ലീഗിനിടയിൽ വിനീതൻ ഗീതാബറാവ് ഗ്രാമത്തിൽ എത്തിപ്പെട്ടു. മഗ്രിബ് നമസ്കാരത്തിന് ശേഷം തബ്ലീഗ് ചെയ്തു. ഇശാ നമസ്കാരത്തിന് ശേഷം എന്റെ സന്ദർശനങ്ങളുടെ വിവിധ വീഡിയോകൾ കാണിച്ചു. ജൽസ കാണിച്ചു, പള്ളികളെ സംബന്ധിച്ചുള്ള പരിപാടികൾ കാണിച്ചു, തബ്ലീഗി കാര്യങ്ങളെ സംബന്ധിച്ചുള്ള പരിപാടി കാണിച്ചു, അതു പോലെ ഇമാം മഹ്ദിയുടെ ആഗമനത്തെ കുറിച്ച് പറഞ്ഞു, ബൈത്തുൽ മാലിന്റെ സംവിധാനത്തെ കുറിച്ച് പറഞ്ഞു. വീഡിയോ അവസാനിച്ചപ്പോൾ അവിടെ നിന്നൊരു ഇമാം സാഹിബ് എഴുന്നേറ്റു അവിടെയുള്ളവരെ അഭിസംബോധനം ചെയ്യുകയും പിന്നീട് പള്ളിക്ക് പുറത്തേക്ക് പോകുകയും ചെയ്തു. പറയുന്നു, ഞങ്ങൾ അസ്വസ്ഥരായി. അൽപനേര ശേഷം അദ്ദേഹം മടങ്ങി വന്നുകൊണ്ട് പറഞ്ഞു, ഇമാം മഹ്ദി വന്നുവെന്നും ബൈത്തുൽ മാലിന്റെ സംവിധാനം നിലവിലുണ്ടെന്നും ഞങ്ങൾക്കിപ്പോൾ മനസ്സിലായി. ഞാനിവരെയെല്ലാം കൊണ്ട് പുറത്ത് പോയത്തിന്റെ കാരണം നാമെല്ലാവരും അതിൽ പങ്കാളികളാകേണ്ടതാണെന്നും ചന്ദയിൽ കൂടുതൽ കൂടുതലായി ഭാഗവാക്കാകേണ്ടതാണെന്നും പറയാനാണ്. അങ്ങിനെ അദ്ദേഹം ഉടൻ തന്നെ അവിടെ പൈസ സ്വരുക്കൂട്ടുകയും നമ്മുടെ മിഷനറിക്ക് നൽകി. അതോടൊപ്പം തന്നെ അദ്ദേഹം ബൈഅത്ത് ഫോം പൂരിപ്പിച്ച് നൽകുകയും ചെയ്തു.

യുഗാണ്ട അമീർ സാഹിബ് പറയുന്നു, കഴിഞ്ഞ വർഷം സെപ്റ്റംബർ 18 ന് നാഷനൽ മജ്ലിസ് ആമിലയുടെയും ചില സമുന്നത ജമാഅത്തുകളുടെയും മീറ്റിംഗ് നടത്തി. സീതാലൈനിന്റെ വികസനത്തിനായി ത്രിവൽസര പദ്ധതി അവരുടെ മുന്നിൽ സമർപ്പിച്ചു. പ്രസ്തുത സ്ഥലം ജൽസാ ഗാഹായി തയ്യാറാക്കുന്നതിനു വേണ്ടി. ഈ സ്ഥലം ദേശീയ തലസ്ഥാനമായ കംപാലയിൽ നിന്നും 9 മൈൽ ദൂരത്തിലാണ്. ഇവിടെ ജമാഅത്തിന് 17 ഏക്കർ ഭൂമിയുണ്ട്. പറയുന്നു, മീറ്റിംഗിൽ ഉദാരമതികളായ ധാരാളം വ്യക്തികൾ ഉടൻ തന്നെ വാഗ്ദാനം നൽകുകയും സംഖ്യ നൽകാൻ തുടങ്ങുകയും ചെയ്തു. കെനിയൻ ശിലിംങ്ങ്സിന്റെ മൂല്യം കുറവാണെങ്കിലും സ്വന്തമായി അവർ അവിടെ 83 മില്യനിൽ കൂടുതൽ ശില്ലിങ്ങ് സ്വരുക്കൂട്ടി. അത് ആ പദ്ധതിയെ പൂർത്തിയാക്കുന്നതാണ്.

ദരിദ്ര രാഷ്ട്രങ്ങൾ പൂർണ്ണമായും തങ്ങളെയാണ് ആശ്രയിച്ചിരിക്കുന്നതെന്ന് സമ്പന്ന രാഷ്ട്രങ്ങളിലെ അഹ്മദികൾ ധരിക്കേണ്ട. മറിച്ച് തങ്ങളുടെ കഴിവനുസരിച്ച്, അതിനേക്കാളുപരി അവർ ത്യാഗങ്ങൾ സമർപ്പിക്കുന്നതാണ്. ഏതായാലും ഇന്ന് സാമ്പത്തിക ത്യാഗങ്ങളെക്കുറിച്ച് ഞാൻ പരാമർശിക്കുന്നത് തഹ്രീകെ ജദീദിന്റെ പുതുവർഷ വിളമ്പരത്തിനാണെന്ന് നിങ്ങൾക്കറിയാം. പരമ്പരയനുസരിച്ച് കഴിഞ്ഞ വർഷത്തെ ചില കണക്കുകളും സമർപ്പിക്കുന്നതാണ്. സാമ്പത്തിക ത്യാഗത്തിന്റെ നിലവാരം എപ്രകാരമായിരിക്കണമെന്നതിനെ സംബന്ധിച്ച് ഞാൻ നേരത്തെ പരാമർശിച്ച ചില കാര്യങ്ങളോടൊപ്പം ഞാനിപ്പോൾ ഈ കണക്കുകൾ നിങ്ങളുടെ മുന്നിൽ സമർപ്പിക്കുകയാണ്. തഹ്രീകെ ജദീദിന്റെ ഇത് 78-ാം വർഷമായിരുന്നു ഒക്ടോബർ 30 ന് അവസാനിച്ചത്. ഇപ്പോൾ 79 -ാം വർഷം നവമ്പർ 1 മുതൽ ആരംഭിച്ചിരിക്കുകയാണ്. ലഭിച്ച റിപ്പോർട്ടുകളനുസരിച്ച് തഹ്രീകെ ജദീദിന്റെ സാമ്പത്തിക വ്യവസ്ഥയിൽ ഈ വർഷം 72,15,700 പൗണ്ടിന്റെ ത്യാഗമാണ് ജമാഅത്ത് സമർപ്പിച്ചത് (അൽഹംദുലില്ലാഹ്). കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് ഇത് ഏകദേശം 5,84,700 പൗണ്ട് അധികമാണ്. പാകിസ്ഥാൻ അവരുടെ അവസ്ഥയും ദാരിദ്ര്യവും ഉണ്ടായിട്ടു കൂടി അവരുടെ സ്ഥാനത്ത് നിലയുറപ്പിച്ചിരിക്കുന്നു. അതിനു ശേഷം വലിയ ജമാഅത്തുകളിൽ, പുറത്തുള്ള ജമാഅത്തുകളിൽ അമേരിക്ക ഒന്നാം സ്ഥാനത്താണ്. അതിനു ശേഷം ജർമ്മനിയാണ് രണ്ടാം സ്ഥാനത്ത്. ബ്രിട്ടൻ മൂന്നാം സ്ഥാനത്ത്, കാനഡ നാലാം സ്ഥാനത്ത്, ഇന്ത്യ അഞ്ചാം സ്ഥാനത്ത്, ഇന്തോനേഷ്യ ആറാം സ്ഥാനത്ത്, ആസ്ത്രേലിയ ഏഴാം സ്ഥാനത്ത്, സ്വിറ്റ്സർലന്റ് എട്ടാം സ്ഥാനത്തും ബെൽജിയം ഒൻപതാം സ്ഥാനത്തും. ബെൻജിയവും ഘാനയും അടുത്തടുത്താണ്. ഇതിൽ ചെറിയ തെറ്റുണ്ട്. ക്രമം ഇപ്രകാരമാണ്. അമേരിക്ക ഒന്നാം സ്ഥാനം, ജർമ്മനി രണ്ടാം സ്ഥാനം, ബ്രിട്ടൻ മൂന്നാം സ്ഥാനം, കാനഡ നാലാം സ്ഥാനം, ഇന്ത്യ അഞ്ചാം സ്ഥാനം, ഇന്തോനേഷ്യ ആറാം സ്ഥാനം, പിന്നീട് മിഡിൽ ഈസ്റ്റിലെ ഒരു ജമാഅത്താണ് ഏഴാം സ്ഥാനത്ത് (അതിന്റെ പേര് ഞാൻ പറയുന്നില്ല), ആസ്ത്രേലിയ എട്ടാം സ്ഥാനം, സ്വിറ്റ്സർലന്റ് ഒൻപതാം സ്ഥാനം, ബെൽജിയം പത്താം സ്ഥാനം. ബെൽജിയവും ഘാനയും ഏകദേശം സ്വിറ്റ്സർലന്റിന് അടുത്താണ്. വലിയ പത്ത് ജമാഅത്തുകൾ കറൻസിക്കനുസൃതമായി പിരിഞ്ഞ സംഖ്യയിൽ ഉണ്ടായ വരവിന്റെ ശരഹനുസരിച്ച് നോക്കുമ്പോൾ അറേബ്യയിലെ ഒരു ജമാഅത്താണ് മുന്നിൽ. പിന്നീട് ആസ്ട്രേലിയ, ശേഷം ഇന്ത്യ, പിന്നെ ജർമ്മനി, പിന്നീട് അമേരിക്ക, പിന്നീട് ബെൽജിയം, പിന്നീട് കാനഡ, പിന്നീട് ബ്രിട്ടൻ, പിന്നീട് ഇന്തോനേഷ്യ, അതിനു ശേഷം ഫ്രാൻസ് യൂറോപ്യൻ ജമാഅത്തുകളിൽ ഏറ്റവും മുന്നിലാണ്.

വ്യക്തിഗത വിഹിതത്തിന്റെ അടിസ്ഥാനത്തിലും മിഡിൽ ഈസ്റ്റിലെ ഈ രാജ്യമാണ് മുന്നിൽ. അവരുടെ ത്യാഗം 156 പൗണ്ട് പെർ ഹെഡ് ആകുന്നു. 157 പൗണ്ട്. അതിനു ശേഷം അമേരിക്കയാണ്. 118 പൗണ്ട് പെർ ഹെഡ്. പിന്നീട് സ്വിറ്റ്സർലന്റാണ്. പിന്നീട് ജപ്പാൻ, ബ്രിട്ടൻ, ഫ്രാൻസ്, കാനഡ, നോർവേ, ജർമ്മനി, ആസ്ട്രേലിയ. അതുപോലെ തുകയിൽ മാത്രമല്ല വർദ്ധനവുണ്ടായിരിക്കുന്നത്, മറിച്ച് അല്ലാഹുവിന്റെ അനുഗ്രഹത്താൽ തഹ്രീകെ ജദീദിൽ പങ്കാളികളാകുന്ന ആത്മാർത്ഥരുടെ എണ്ണത്തിലും വർദ്ധനവുണ്ടായിട്ടുണ്ട്. 1,80,000 ന്റെ വർദ്ധനവാണുണ്ടായത്. അങ്ങനെ 9,11,000 പങ്കാളികളാണുള്ളത്. മുൻവർഷം 7,31,000 ആയിരുന്നു. ആഫ്രിക്കൻ ജമാഅത്തുകളിൽ മൊത്തം പിരിഞ്ഞ സംഖ്യയുടെ അടി

സ്ഥാനത്തിൽ ഘാനയാണ് ഏറ്റവും മുന്നിൽ. പിന്നീട് നൈജീരിയ, പിന്നീട് മൊറീഷ്യസ്, ബുർക്കിനോഫാസൊ, കെനിയ, ബെനിൻ, ഉഗാണ്ട, തൻസാനിയ, ഗാംബിയ, സെറാല്യൂൺ. മറ്റുള്ളവരെ അപേക്ഷിച്ച് ദരിദ്ര രാഷ്ട്രങ്ങളായതുകൊണ്ടാണ് ഞാനിവ വേർതിരിച്ച് വെച്ചത്. ത്യാഗങ്ങളുടെ കാര്യത്തിൽ അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇവർ വളരെ മുന്നിലാണ്. പങ്കാളികളാകുന്നവരുടെ വർദ്ധനവിന്റെ അടിസ്ഥാനത്തിൽ നൈജീരിയ ആഫ്രിക്കൻ രാഷ്ട്രങ്ങളിൽ മാത്രമല്ല, ലോക രാഷ്ട്രങ്ങളിൽ ഏറ്റവും മുന്നിലാണ്. ഈ വർഷം അവർ 64,419 പുതിയ ചന്ദ നൽകുന്നവരെ പങ്കാളികളാക്കി. ഈ വർദ്ധനവിനു ശേഷം നൈജീരിയായുടെ ആകെ അംഗസംഖ്യ പാകിസ്ഥാന് ശേഷം രണ്ടാം സ്ഥാനത്താണ്. 1,50,000ത്തിൽ അധികം വ്യക്തികൾ. അംഗസംഖ്യയിലെ വർദ്ധനവിന്റെ അടിസ്ഥാനത്തിൽ ആഫ്രിക്കൻ രാഷ്ട്രങ്ങളിൽ നൈജർ, ബെനിൻ, ബുർക്കിനോഫാസൊ, സെറാല്യൂൺ എന്നിവ പരാമർശയോഗ്യരാണ്. ഘാന ഇക്കാര്യത്തിൽ മുന്നേറാൻ ശ്രമിക്കേണ്ടതാണ്. ദഫ്ത്തർ അവ്വലിലെ മുജാഹദുകളുടെ അംഗസംഖ്യ 5,927 ആണ്. ഇതിൽ 285 പേർ അല്ലാഹുവിന്റെ അനുഗ്രഹത്താൽ ജീവിച്ചിരിക്കുന്നവരാണ്. സ്വയം ചന്ദ നൽകുന്നവരാണ്. മറ്റുള്ളവരുടെ കണക്ക് ശരിയാണ്. അവരുടെ അവകാശികളോ മറ്റുള്ളവരോ അത് നിലനിർത്തിക്കൊണ്ടു വരുന്നു.

പാകിസ്ഥാനിലെ മൊത്തം പിരിഞ്ഞു കിട്ടിയ തുകയുടെ അടിസ്ഥാനത്തിൽ മൂന്ന് വലിയ ജമാഅത്തുകളിൽ ഒന്നാം സ്ഥാനത്ത് ലാഹോറും, റബ്‌വ രണ്ടാം സ്ഥാനത്തും, കറാച്ചി മൂന്നാം സ്ഥാനത്തുമാണ്. ഇത് കൂടാതെ കൂടുതൽ ത്യാഗത്തിന്റെ അടിസ്ഥാനത്തിൽ 10 നഗര ജമാഅത്തുകളുമുണ്ട്. റാവൽപിണ്ടി, ഇസ്‌ലാമാബാദ്, സിയാൽകോട്ട്, കോയിട്ട, സർഗോദ, ഫൈസലാബാദ്, മീർ പൂർഖാസ്, നവാബ് ശാഹ്, പിശാവർ, ബഹാവൽപൂർ.

ജില്ലാ അടിസ്ഥാനത്തിൽ കൂടുതൽ സാമ്പത്തിക ത്യാഗം ചെയ്ത ജില്ലകളിൽ ഒന്ന് ഉമർകോട്ട് പിന്നീട് ഗേഖോപുര, പിന്നീട് ഗുജറൻ വാല, പിന്നീട് ബദീൻ, സാങ്കട്, നാരോവാൾ, ബഹാവൽ നഗർ, ഹൈദരാബാദ്, റഹീം ഗേർഖാൻ, മീർപൂർ, സ്വതന്ത്ര കശ്മീർ, പിന്നീട് ഖാനേവാൾ.

ത്യാഗങ്ങൾ സമർപ്പിച്ച അമേരിക്കയിലെ ആദ്യ അഞ്ചു ജമാഅത്തുകളിൽ മുന്നിൽ ലോസ് ഏഞ്ചലസ് ആകുന്നു. പിന്നീട് ഫിൻലാന്റ് എമ്പയാർ, കോളംമ്പസഹായോ, സിലികോൺ വാലി, ഡേട്രായിറ്റ്, ഗെരിസ് ബർഗ്.

പിരിഞ്ഞു കിട്ടയ തുകയുടെ അടിസ്ഥാനത്തിൽ ജർമ്മനിയിലെ ജമാഅത്തുകളിൽ ആദ്യം കെളോൺ, ടോഡ്രുമാർഗ്, നേയേസ്, ഗോംഗ്ലൻസ്, ഫ്ളോറസ് ഫൈൻ, തിവ്ബാദ്, ബ്രായിശ്, റാവുങ്ങ് ഹാൻ സൗത്ത്, ഫുൾഡ, വൈൻഗാർഡൻ.

പിരിഞ്ഞു കാട്ടിയ തുകയുടെ അടിസ്ഥാനത്തിൽ അവരുടെ 10 ഇമാറത്തുകൾ, നേരത്തെ പറഞ്ഞത് ജമാഅത്തുകളായിരുന്നു. ഇത് ഇമാറത്തുകളാണ്. അതിൽ ഹാംബർഗ്, ഫ്രാങ്ക് ഫർട്ട്, ഗ്രോസ്ഗ്രാവ്, ഡാവ് സ്ട്രഡ്, വിസ്ബാഡൻ, മാൻഹൻ, സെറ്റ്സ്, സിംബാഖ്, ഓഫൺബാഖ്, ഇസ്റ്റഡ്.

മൊത്തത്തിൽ പിരിഞ്ഞു കിട്ടിയ തുകയുടെ അടിസ്ഥാനത്തിൽ നിങ്ങളുടെ യു.കെ.യിലെ വലിയ 10 ജമാഅത്തുകളിൽ ഒന്നാമത് മസ്ജിദ് ഫള്ൽ, പിന്നീട് ന്യൂ മോൾഡൻ, വെസ്റ്റ് ഹിൽ, ബോസ്റ്റർ പാർക്ക്, ബൈത്തുൽ ഫുത്തൂഹ്, ഗ്രേൻസ് പാർക്ക്, മോസ്ഖ് വെസ്റ്റ്, ശീൻ, മാഞ്ചസ്റ്റർ സൗത്ത്, ബർമിംഗ്ഹാം സെൻട്റൽ ചാവുലെൻ.

റീജൺ അടിസ്ഥാനത്തിൽ ആദ്യ സ്ഥാനം ലണ്ടൻ റീജ്യനാണ്. തുടർന്ന് മിഡ്ലാന്റ് റീജ്യൺ, മൂന്നാമത്തേത് നോർത്ത് ഈസ്റ്റ്. ചെറിയ ജമാഅത്തുകളിൽ സ്കന്തഫ് ഒന്ന്, ബ്രോംലെ, ആൻഡുഷം, ബോർമത്, റിറ്റിസ്പാ, ഓക്സ്ഫോഡ്.

പിരിഞ്ഞു കിട്ടിയ സംഖ്യയുടെ അടിസ്ഥാനത്തിൽ കാനഡയിലെ പ്രധാന ജമാഅത്തുകൾ. കാൽഗറി, ആൻമിന്റൻ, പീസ് വില്ലേജ്, സറേ ഈസ്റ്റ്, പീസ് വില്ലേജ് സെന്റർ, ഫുട്ട് ബ്രിഡ്ജ്, ബ്രാംറ്റൻ, ഫ്ളവർ ടൗൺ, ഇസാഗ വെസ്റ്റ്, വോം നോർത്ത്, നേംപിൾ, മോൺട്രിയ ഈസ്റ്റ്.

ഇന്ത്യയിലെ ആദ്യ പത്ത് സംസ്ഥാനങ്ങൾ. കേരളം, തമിഴ്നാട്, ആന്ധ്രപ്രദേശ്, ജമ്മു കശ്മീർ, ബംഗാൾ, കർണ്ണാടക, ഒഡീശ, പഞ്ചാബ്, ഡൽഹി, യു.പി.

ത്യാഗങ്ങൾ ചെയ്യുന്ന 10 ജമാഅത്തുകളിൽ ഒന്നാം സ്ഥാനം തമിഴ്നാട്ടിലെ കോയമ്പത്തൂരിനാണ്, രണ്ട് കേരളത്തിലെ കരുളായി, പിന്നീട് കേരളത്തിലെ കോഴിക്കോട്, പിന്നീട് ആന്ധ്രപ്രദേശിലെ ഹൈദരാബാദ്, ഖാദിയാൻ അഞ്ചാം സ്ഥാനം, ആറാം സ്ഥാനം കേരളത്തിലെ കണ്ണൂർ ടൗൺ, കൽക്കത്ത, പഴയങ്ങാടി, കേരളത്തിലെ മാത്തോട്ടം, തമിഴ്നാട്ടിലെ ചെന്നൈ.

തഹ്‌രീകെ ജദീദ് സംബന്ധമായി വിവിധ ജമാഅത്തുകൾ എഴുതിയ ഏതാനും സംഭവങ്ങളും ഞാൻ പരാമർശിക്കുകയാണ്. കുമാസിയിലെ അഹ്മദ് ജിബ്റാഈൽ സഈദ് സാഹിബ് പറയുന്നു, ഞാൻ അംഗസംഖ്യ വർദ്ധിപ്പിക്കുന്നതിനായി പറഞ്ഞിരുന്നു. ഘാനയുടെ അംഗസംഖ്യ കുറഞ്ഞത് ഒരു ലക്ഷമെങ്കിലും വേണമെന്ന് ഞാൻ പറഞ്ഞിരുന്നു. ആ ടാർഗറ്റ് പൂർത്തിയാക്കിയില്ല. എന്നാലും കൂടുതൽ മുന്നോട്ട് കുതിച്ചിട്ടുണ്ട്. പൂർണ്ണമായ പരിശ്രമം ഉണ്ടായിട്ടില്ല. അതിലേക്ക് ഞാൻ ശ്രദ്ധ ക്ഷണിക്കുകയാണ്. ഇനി അത് വർദ്ധിച്ചേക്കാം. ഗാംബിയ അമീർ സാഹിബ് എഴുതുന്നു ഫാറാഫീൽ പ്രദേശത്തെ മിഷനറി പറഞ്ഞു, ഒരിക്കൽ ഒരു വൃദ്ധയായ സ്ത്രീ മിഷൻഹൗസിൽ വന്നു, അവർ നമ്മുടെ മുബല്ലിഗിനോട് ചോദിച്ചു. ഫാറാഫീൻ പ്രദേശത്ത് തഹ്‌രീകെ ജദീദിന്റെ ചന്ദ ഏറ്റവും കൂടുതൽ ആരാണ് നൽകുന്നത്? സംബൂജാൻ സാഹിബ് എന്ന വ്യക്തിയാണ് ഈ പ്രദേശത്ത് ഏറ്റവും കൂടുതൽ ചന്ദ നൽകുന്നതെന്ന് പറഞ്ഞപ്പോൾ അവർ ചോദിച്ചു, എത്രയാണ് നൽകുന്നത്? 50,000 ടിലാസിയാണ് നൽകുന്നതെന്ന് പറഞ്ഞു. ഈ സ്ത്രീ മുൻപ് 15,000 ടിലാസിയാണ് നൽകിയിരുന്നത്. പറഞ്ഞു, എന്റെ കയ്യിൽ ഇതിനുള്ള മാർഗ്ഗങ്ങൾ ഇല്ലെങ്കിൽ തന്നെയും ഞാൻ ഈ വ്യക്തിയുമായി മത്സരിക്കുന്നതാണ്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ അതിനെക്കാൾ കൂടുതൽ ചന്ദ നൽകുന്നതാണ്.

സ്പെയ്നിലെ അമീർ സാഹിബ് എഴുതുന്നു, ഒരു നവ അഹ്മദിയായ സ്ത്രീ വഫാവുർ റഹ്മാൻ സാഹിബ കഴിഞ്ഞ വർഷത്തെ എന്റെ തഹ്‌രീകെ ജദീദിന്റെ ഖുത്വുബ കേട്ടതിനു ശേഷം 500 യൂറോ വാഗ്ദാനം ചെയ്യുകയും ഉടൻ നൽകുകയും ചെയ്തു. തഹ്‌രീകെ ജദീദിന്റെ ചന്ദ നൽകിയപ്പോൾ അവരോട് മറ്റ് ചന്ദകളുടെ വിവരങ്ങളും നൽകിക്കൊണ്ട് പറഞ്ഞു, നിങ്ങൾ പുതുതായി ബയ്അത്ത് ചെയ്ത കാര

ണത്താൽ ഇതിൽ നിർബന്ധം ചെലുത്തുന്നില്ല. എത്രയാണോ ആഗ്രഹിക്കുന്നത് നൽകാവുന്നതാണ്. എന്നാൽ അവർ അതേ ദിവസം തന്നെ മറ്റ് ചന്ദകളും ശർഹനുസരിച്ച് നൽകി. ചന്ദ ആമും ജൽസാ സാലാനയും തുടങ്ങിയവ.

സ്വിറ്റ്സർലന്റിലെ മുബല്ലിഗ് ഇൻചാർജ് എഴുതുന്നു, ന്യൂ ശട്ടർ ജമാഅത്തിലെ സദ്റും തഹ്‌രീകെ ജദീദിന്റെ നാഷണൽ സിക്രട്ടറിയുമായ വ്യക്തി പറയുന്നു, അദ്ദേഹം സ്വിറ്റ്സർലാന്റിൽ എത്തുകയും രാഷ്ട്രീയ അഭയത്തിനായി ഹർജി നൽകുകയും ചെയ്തപ്പോൾ ഉടൻ തന്നെ ബന്ധപ്പെട്ട വിഭാഗം നിഷേധിച്ചു. അതിനിടയിൽ തഹ്‌രീകെ ജദീദിന്റെ പുതുവർഷ വിളംബരം വന്നു. അദ്ദേഹത്തിന്റെ അക്കൗണ്ടിൽ ആകെ 1000 ഫ്രാങ്കാണുണ്ടായത്. അത് അദ്ദേഹം വക്കീൽമാർക്ക് വേണ്ടിയും മറ്റും കരുതിയതായിരുന്നു. എന്നാൽ തഹ്‌രീകെ ജദീദിന്റെ പുതുവർഷ വിളംബരം ശ്രവിച്ചപ്പോൾ ആ തുക മുഴുവനും അല്ലാഹുവിൽ ഭരമേൽപ്പിച്ചുകൊണ്ട് ചന്ദയായി നൽകി. അല്ലാഹുവിനോട് ദുആ ചെയ്തു. യഥാർത്ഥ കാര്യദർശി അവനാണ്. അവൻ തന്നെ നമ്മുടെ പ്രശ്നങ്ങൾ പരിഗണിക്കുന്നതാണ്. ചന്ദയുടെ അനുഗ്രഹത്താൽ അല്ലാഹു അദ്ദേഹത്തിൽ അനുഗ്രഹം ചൊരിഞ്ഞു. അദൃശ്യമായ നിലയിൽ അദ്ദേഹം സഹായിക്കപ്പെട്ടുവെന്ന് മാത്രമല്ല അദ്ദേഹത്തിന്റെ അഭയത്തിന്റെ ഹർജിയും അനുവദിക്കപ്പെട്ടു. അദ്ദേഹത്തിന് രാജ്യപൗരത്വം ലഭിക്കുകയും ചെയ്തു. ഒരു വക്കീലിനെയും ഏർപ്പെടുത്തേണ്ടി വന്നില്ല.

കിർഗിസ്ഥാനിൽ നിന്ന് നമ്മുടെ മുബല്ലിഗ് എഴുതുന്നു, ഒരു കിർഗിസ് സുഹൃത്ത് ജുമാർക്കിസ് സാഹിബ് 2006 ലാണ് അദ്ദേഹം ബയ്അത്ത് ചെയ്തത്. വളരെ സൽപ്രകൃതക്കാരനായ യുവാവാണ്. ബയ്അത്ത് ചെയ്ത ഉടൻ നമ്മുടെ മുബല്ലിഗ് സാഹിബ് ചന്ദയെ സംബന്ധിച്ച് മനസ്സിലാക്കിക്കൊടുക്കുന്നതിനായി തമാശ രൂപേണ പറഞ്ഞു. മറ്റുള്ളവർ ജമാഅത്തിൽ പ്രവേശിപ്പിക്കുന്നതിനായി പൈസ നൽകുന്നു. എന്നാൽ നമ്മുടെ ജമാഅത്തിൽ പ്രവേശിക്കുന്നവരിൽ നിന്ന് നാം പൈസ വാങ്ങുന്നു. അപ്പോൾ അദ്ദേഹം പറഞ്ഞു, മാസം 300 കിർഗിസ് ചന്ദ ആമായി ഞാൻ നൽകുന്നതാണ്. കുറച്ചു കാലത്തിനു ശേഷം അദ്ദേഹം 400 ആക്കി. പിന്നീട് കുറച്ച് കാലശേഷം 800 ആക്കി. പിന്നീട് കുറച്ച് കാലശേഷം സ്വയം ആരും പറയാതെ തന്നെ 1000 സോം മാസം നൽകാൻ തുടങ്ങി. തഹ്‌രീകെ ജദീദിന്റെ വാഗ്ദാനം എഴുതിയപ്പോൾ അദ്ദേഹം ബയ്അത്ത് ചെയ്തിട്ട് അൽപ ദിവസമെ ആയിട്ടുള്ളൂ. അദ്ദേഹം 1000 സൂം എഴുതിച്ചു. ഈ തുക അദ്ദേഹത്തിന്റെ സാമ്പത്തിക നിലയനുസരിച്ച് കൂടുതലായിരുന്നു. ഇപ്പോൾ കുറച്ച് എഴുതിക്കുക, അതിന് ശേഷം അല്പാല്പമായി വർദ്ധിപ്പിച്ചാൽ മതിയെന്ന് അദ്ദേഹത്തെ പറഞ്ഞ് മനസ്സിലാക്കാൻ തുടങ്ങി. അങ്ങിനെ കുറെ തർക്കിച്ചതിന് ശേഷമാണ് അദ്ദേഹം അതിൽ കുറവ് വരുത്തിയത്.

അയർലണ്ടിലെ സദ്ർ സാഹിബ് എഴുതുന്നു, ഒരു യുവ ദമ്പതികൾ തങ്ങൾക്കുണ്ടാകുന്ന സന്താനത്തെ വഖ്ഫ് ചെയ്യുന്നതാണെന്ന് തീരുമാനിച്ചു. തങ്ങളുടെ സന്താനത്തിനായി പേരും കരുതിവെച്ചു. എന്നാൽ ഭാര്യ അപ്പോൾ ഗർഭിണി ആയിരുന്നില്ല. അല്പ ദിവസത്തിനു ശേഷം തഹ്‌രീകെ ജദീദിനും വഖ്ഫെ ജദീദിനും വേണ്ടി കുട്ടികളുടെ പേരിൽ ചന്ദയും നൽകി. അതിൽ ഒന്ന് ആൺകുട്ടിയും മറ്റേത് പെൺകുട്ടിയുമായിരുന്നു. അല്ലാഹു അതിന്റെ പ്രതിഫലം എങ്ങിനെയാണ് നൽകിയതെന്ന് നോക്കുക. ഏതാനും ആഴ്ചകൾക്ക് ശേഷം അദ്ദേഹത്തിന്റെ ഭാര്യ ഗർഭിണിയാണെന്നും അവർക്ക് ഇരട്ടക്കുട്ടികൾ ജനിക്കുമെന്നും അറിയാൻ കഴിഞ്ഞു. അല്ലാഹു അവർക്ക് ആരോഗ്യവാന്മാരായ ഇരട്ട കുട്ടികളെ നൽകി അനുഗ്രഹിച്ചു. കുട്ടികളുടെ ചന്ദ നൽകിയതുകൊണ്ടാണ് തങ്ങൾക്ക് ഇരട്ട കുട്ടികളെ നൽകി അനുഗ്രഹിച്ചതെന്നാണ് അവരുടെ ദൃഢവിശ്വാസം.

ഇന്ത്യയുടെ റിപ്പോർട്ടുമുണ്ട്. കോയമ്പത്തൂർ സദ്ർ ജമാഅത്ത് എഴുതുന്നു. തഹ്‌രീക് ജദീദ് ചന്ദയിൽ കഴിവിനതീതമായി വർദ്ധനവുണ്ടാക്കിയതിന്റെ ഫലമായി അല്ലാഹു വിനീതന് അത്ഭുതകരമായ ദൃഷ്ടാന്തത്തിന്റെ രണ്ട് വിശ്വാസ വർദ്ധക ദൃശ്യങ്ങൾ കാണിച്ചു തരികയുണ്ടായി. ഞാൻ അല്ലാഹുവിന്റെ സവിധത്തിൽ ദുആ ചെയ്തുകൊണ്ട് സമയത്ത് തന്നെ ചന്ദ നൽകുന്നതിനായി നിരന്തരമായി ശ്രമിച്ചുകൊണ്ടിരുന്നു. അവിചാരിതമായ ഒരു വ്യക്തി കടയിലെത്തുകയും എന്റെ പക്കലുള്ള സാധനങ്ങളെ അതിന്റെ യഥാർത്ഥ വിലയെക്കാളും അധികം നൽകി വാങ്ങുകയും ചെയ്തു. തൽഫലമായി എനിക്ക് അന്നേരം തന്നെ എന്റെ വാഗ്ദാനം പൂർത്തിയാക്കുന്നതിനുള്ള തൗഫീഖ് ലഭിച്ചു.

പറയുന്നു, അതിനിടയിൽ പ്രദേശത്തുള്ള ഞങ്ങളുടെ ഗോഡൗണിൽ അവിചാരിതമായി തീപിടിച്ചു. അതിൽ വിനീതന്റെ സാധനങ്ങളും ധാരാളം സൂക്ഷിച്ചിരുന്നു. വിനീതൻ ദുആ ചെയ്തുകൊണ്ടവിടെ എത്തി. അവിടെ കണ്ട കാഴ്ച എന്നെ അത്ഭുതപ്പെടുത്തി. മറ്റ് വ്യാപാരികളുടെ എല്ലാ സാധനങ്ങളും കത്തി വെണ്ണീറായപ്പോൾ എന്റെ എല്ലാ സാധനങ്ങളും അല്ലാഹുവിന്റെ അനുഗ്രഹത്താൽ തികച്ചും സുരക്ഷിതമായിരുന്നു. അതിഭയാനകരമായ ആ തീ പിടുത്തത്തിൽ ഗോഡൗണിന്റെ ഇരുമ്പു മേൽക്കൂരയും ഉരുകിപ്പോയിരുന്നു. ഈ പ്രദേശം യഥാസ്ഥിതികരായ മുസ്‌ലിംകളുടെ കോട്ടയായിരുന്നു. എന്നാൽ സംഭവത്തിന് ശേഷം എല്ലാവരും വിനീതനെ വളരെ ആദരിക്കാൻ തുടങ്ങി. ഇത് ചന്ദ നൽകിയതിന്റെ അനുഗ്രഹം തന്നെയാണ്. ഈ സംഭവം ഓർക്കുമ്പോഴെല്ലാം തന്നെ എന്റെ ഹൃദയം സ്തുതിയാൽ നിറയുന്നു.

തഹ്‌രീകെ ജദീദിന്റെ ഇൻസ്പെക്ടർ എസ്.എം. ബശീറുദ്ദീൻ സാഹിബ് എഴുതുന്നു, ലക്ഷദ്വീപിലെ ജമാഅത്തായ കവരത്തിയിൽ എത്തിയപ്പോൾ അവിടുത്തെ അമീർ സാഹിബിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന തർബിയ്യത്ത് യോഗത്തിൽ വിനീതൻ തഹ്‌രീകെ ജദീദിന്റെ പ്രാധാന്യത്തെയും മഹത്വത്തെയും അനുഗ്രഹത്തെയും സംബന്ധിച്ച് പ്രഭാഷണം നടത്തി. യോഗത്തിനു ശേഷം എല്ലാ ജമാഅത്തംഗങ്ങളും വർദ്ധനവോടുകൂടി തങ്ങളുടെ ബഡ്ജറ്റ് എഴുതിച്ചു. ഈ യോഗത്തിൽ പർദ്ദയുടെ സംവിധാനത്തിൽ സ്ത്രീകളും പങ്കെടുത്തിരുന്നു. പറയുന്നു, അടുത്ത ദിവസം മറ്റൊരു പട്ടണത്തിലെത്തിയപ്പോൾ കവരത്തി അമീർ സാഹിബ് ഫോണിലൂടെ പറഞ്ഞു, ഒരു അഹ്മദി സ്ത്രീയായ ബീബി ഖാതൂൻ സാഹിബ പരാതി പറഞ്ഞിരിക്കുന്നു, പുരുഷൻമാരിൽ നിന്ന് തഹ്‌രീകെ ജദീദിന്റെ വാഗ്ദാനം എഴുതിച്ചു. ഞങ്ങൾ സ്ത്രീകളെ ഒഴിവാക്കുകയും ചെയ്തു. എനിക്കിന്നാണ് തഹ്‌രീഖെ ജദീദിന്റെ ചന്ദയെക്കുറിച്ചുള്ള ബോധ്യം വന്നത്. ഞാൻ എഴുതിച്ച വാഗ്ദാനം കുറവാണെന്ന് എന്റെ മനസ്സ്

പറയുന്നു. അതിനാൽ എന്റെ ചന്ദ ഇരട്ടിയാക്കുക. അവർ വളരെ നല്ലതും ആത്മാർത്ഥതയുള്ളതുമായ സ്ത്രീയാണ്. ആറ് വർഷം മുമ്പാണ് അവർ അഹ്മദിയ്യത്ത് സ്വീകരിച്ചത്.

ആന്ധ്രാപ്രദേശിലെ തഹ്‌രീകെ ജദീദിന്റെ ഇൻസ്പെക്ടർ മുഹമ്മദ് ശിഹാബ് സാഹിബ് പറയുന്നു, സിക്കന്ദരാബാദ് ജമാഅത്തിലെ ഒരു ആത്മാർത്ഥ സ്ത്രീ തഹ്‌രീകെ ജദീദിന്റെ അദ്ധ്യായത്തിൽ സാമ്പത്തിക ത്യാഗത്തിന്റെ ഒരു സൽമാതൃക നിലനാട്ടി. അവരുടെ ഭർത്താവ് കഴിഞ്ഞ വർഷം നീണ്ട കാലം ആശുപത്രിയിൽ ചികിത്സയിലായിരുന്നു. ധാരാളം ചികിത്സ നടത്തിയ കാരണത്താൽ തഹ്‌രീകെ ജദീദിന്റെ ചന്ദ നൽകാൻ കഴിഞ്ഞില്ല. അടുത്ത് തന്നെ അവരുടെ മകളുടെ വിവാഹവുമുണ്ടായിരുന്നു. തഹ്‌രീകെ ജദീദ് സിക്രട്ടറി സാഹിബ് അദ്ദേഹത്തിന്റെ ഭാര്യയോട് ചന്ദ നൽകുന്നതിനായി ആഹ്വാനം ചെയ്തപ്പോൾ അവർ ഉടൻ തന്നെ ചന്ദ നൽകിക്കൊണ്ട് പറഞ്ഞു, ഇതിനെ സംബന്ധിച്ച് എന്റെ ഭർത്താവിനോട് പറയരുത്. കാരണം ഞാനീ തുക എന്റെ മകളുടെ വിവാഹ സമ്മാനങ്ങളിൽ നിന്ന് അവളുടെ സമ്മതത്തോടെയാണ് നൽകുകയാണ്. ഇങ്ങനെ ത്യാഗം ചെയ്യുന്നവരെ ഉടൻ തന്നെ അവിടുത്തെ പ്രാദേശിക ജമാഅത്ത് സഹായിക്കേണ്ടതാണ്.

ജമാഅത്ത് അഹ്മദിയ്യാ കോയമ്പത്തൂരിലെ രണ്ട് ആത്മാർത്ഥ യുവാക്കൾ സംയുക്ത കച്ചവടം നടത്തുന്നവരാണ്. കഴിഞ്ഞ വർഷം തഹ്‌രീകെ ജദീദിൽ അവർ രണ്ടു പേരുടെയും വാഗ്ദാനം 10,000 രൂപ വീതമായിരുന്നു. അവർ എഴുതുന്നു, ഈ വർഷം ഞങ്ങൾ രണ്ടു പേരും സ്വന്തം വാഗ്ദാനം ഒരു ലക്ഷം രൂപ വർദ്ധിപ്പിച്ച് എഴുതിച്ചു. അത് അടച്ചു തീർക്കുന്നതിനുള്ള തൗഫീഖിനായി ദുആക്കായി എനിക്കും അവർ എഴുതി. പറയുന്നു, കച്ചവടം വളരെ മോശമായിരുന്നു. അത് കാരണത്താൽ ചിന്ത അധികരിച്ചു. എന്നാൽ അല്ലാഹു അനുഗ്രഹിക്കുകയുണ്ടായി. ഒരു കച്ചവടത്തിൽ രണ്ട് ലക്ഷത്തി ഇരുപതിനായിരം രൂപ ലാഭം കിട്ടി. അങ്ങിനെ രണ്ടു പേരും തങ്ങളുടെ വാഗ്ദാനം പൂർത്തിയാക്കി.

രാജസ്ഥാനിലെ സമാടാ സർക്കിളിലെ ഒരു അഹ്മദി യുവതി ഗ്രാമവാസികളുടെ ആടിനെ മേച്ച് കൊണ്ടാണ് കഴിഞ്ഞുപോയിരുന്നത്. പേര് സമീരീ ബേഗം എന്നാണ്. തഹ്‌രീകെ ജദീദിന്റെ ചന്ദ ചോദിച്ചപ്പോൾ ആടിനെ മേയ്ച്ച് സമ്പാദിച്ചതും സഞ്ചിയിൽ സൂക്ഷിച്ചിരുന്നതുമെല്ലാം എടുത്ത് ചന്ദയായി നൽകി. ദരിദ്രരായവരുടെ ത്യാഗത്തിന്റെ നിലവാരം ധനികരെക്കാൾ വളരെ ഉന്നതമാണ്.

അതുപോലെ ജമാഅത്ത് അഹ്മദിയ നാമാന സർക്കിൾ കോട്ടയിലെ ഒരു നവ അഹ്മദി സ്ത്രീയോട് തഹ്‌രീകെ ജദീദിന്റെ ചന്ദ ആവശ്യപ്പെട്ടപ്പോൾ അവർ തന്റെ 14 വയസ്സുള്ള മകളോട് പറഞ്ഞു 50 രൂപ നൽകുക. മകൾ പറഞ്ഞു എന്റെ പക്കൽ 100 രൂപയുണ്ട്. അത് ഞാൻ ചന്ദയായി നൽകുന്നതാണ്. മാതാവ് വിരോധിച്ചിട്ടുപോലും ആ കുട്ടി 100 രൂപ ചന്ദ നൽകുകയുണ്ടായി. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇന്ത്യയിലും സാമ്പത്തിക ത്യാഗത്തിന്റെ നിലവാരം ഉയരുകയാണ്. കേന്ദ്രം ധാരാളമായി അവിടെ ചിലവഴിക്കുന്നുണ്ടെങ്കിലും അവർ സ്വന്തം കാലിൽ നിൽക്കാൻ ശ്രമിക്കുന്നുണ്ട്.

അല്ലാഹു ത്യാഗം ചെയ്ത ഇവരുടെയെല്ലാവരുടെയും ധനത്തിലും ശരീരത്തിലും അളവറ്റ അനുഗ്രഹങ്ങൾ വർഷിക്കട്ടെ. ഇസ്‌ലാമിന്റെ യഥാർത്ഥ അദ്ധ്യാപനം ലോകത്ത് നിലനിൽക്കുന്നതിനായി ധനികർ തങ്ങളുടെ ദരിദ്ര സഹോദരന്മാരെയും ചെറിയ ജമാഅത്തുകളെയും മുന്നോട്ട് നയിക്കുന്നവരും ജമാഅത്തിന്റെ വളർച്ചയുടെ ഗതിയെ നിലനിർത്തുന്നവരുമാകട്ടെ. അല്ലാഹു അങ്ങിനെയാക്കട്ടെ. എല്ലാവരും ഒത്തൊരുമിച്ച് മുന്നോട്ട് നീങ്ങുമ്പോഴാണ് വാസ്തവത്തിൽ ലോകത്ത് ഇസ്‌ലാമിന്റെ യഥാർത്ഥ അദ്ധ്യാപനം എത്തിക്കാൻ സാധ്യമാകുകയുള്ളൂ. ലോകത്ത് യഥാർത്ഥ സാഹോദര്യത്തിന്റെയും അന്തരീക്ഷം നിലനിൽക്കുന്നതിനായി മുസ്‌ലിം ഉമ്മത്തും റസൂൽ തിരുമേനി (സ) യുടെ സത്യപ്രേമിയെ തിരിച്ചറിയുന്നവരാകട്ടെ. റസൂൽ തിരുമേനി (സ) യുടെ പതാക ലോകത്ത് പാറിപ്പറക്കട്ടെ. അല്ലാഹു അങ്ങിനെയാക്കട്ടെ.

**PRINTED BOOKS**

**To**

**From**

**Ahmadiyya Mission House**
**K.N.Road Karapparamba**
**Calicut - 10**

KHUTBA: HADRAT MIRZA MASROOR AHMED (atba)
on 2012 November 09 at : Baitul Futuh London
Translation: T.M.Abdul Mujeeb Mob: 9946794987

Typing: A.T.Nasarudheen & M.P.Tahir Ahmed
Printed at: Digital Image Calicut.
Published by: **Majlis Khuddamul Ahmadiyya, North Kerala**